## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*214

10.12.2014 -ലെ മറുപടിയ്ക്ക്

### തൊഴിലാളികളുടെ സുരക്ഷ

**ചോദ്യം**

ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.പി.കെ.ബഷീർ
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

(എ) തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ . ഷിബു ബേബി ജോൺ
(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ മാനദണ്ഡങ്ങളും അവ ഉറപ്പ് വരുത്തുന്ന രീതികളും ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് തുടങ്ങിയ നിയമങ്ങളിൽ പ്രതിപാദിച്ചി ട്ടുണ്ട്. മേൽ പ രാമർ ശിക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ ഒരുക്കേണ്ട തും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ എന്നിവർ സ്ഥാപനത്തിൽ പ രിശോധനകൾ നടത്താ റുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ ജീവനക്കാർ ജില്ലാ ലേബർ ഓ ഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തി വരുന്നു. ഇതിനുപുറമേ ഫാക്ടറീസ് & ബോയിലേഴ്സ്, ഇ.എസ്.ഐ തുടങ്ങിയ വകുപ്പുകളെകൂടി ഉൾപ്പെടുത്തി സംയുക്ത പരിശോധനകളും നടത്താ റുണ്ട്. കൂടാതെ സേഫ്റ്റി ഓഡിറ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി കേരള മുൻസിപ്പൽ ബിൽഡിംഗ് ചട്ടങ്ങൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ഇത്തരം പരിശോധനകൾ വഴി തൊഴിലിടങ്ങളിലെ തൊഴിലാളികളുടെ

സുരക്ഷ സംബന്ധിച്ച തൊഴിൽ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നതും അതുവഴി തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതുമാണ്.

(ബി) തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ, അവർക്ക് ന്യായമായ ചികിത്സാ സൗകര്യം, നഷ്ടപരിഹാരം എന്നിവ അടിയന്തിരമായി ലഭ്യമാക്കാൻ എന്തൊക്കെ നിയമ വ്യവസ്ഥകളാണ് നിലവിലുള്ളതെന്നും, അവ നടപ്പാക്കാനുള്ള സംവിധാനമെന്തെന്നും വെളിപ്പെടുത്തുമോ;

(ബി) തൊഴിൽ സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങളെ തുടർന്ന് തൊഴിലാളിയ്ക്ക് അപകടമോ മരണമോ സംഭവിച്ചാൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരം തൊഴിലുടമയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ ആശ്രിതർക്കോ പരിക്കേറ്റ വ്യക്തിക്കോ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ കേസ് ഫയൽ ചെയ്യാവുന്നതാണ്.

മരംകയറ്റ തൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് അപകടം പറ്റിയാൽ 25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയും മരണമടഞ്ഞാൽ 50,000/- (അൻപതിനായിരം) രൂപയും നൽകുന്ന ഒരു സ്കീം നിലവിലുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ബോർഡുകളിൽ നിലവിലുള്ള പദ്ധതികൾ പ്രകാരവും അതാത് ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ബോർഡ് വഴി നൽകി വരുന്ന ഇത് സംബന്ധിച്ച ആനുകൂല്യങ്ങളും കൈപ്പറ്റാവുന്നതാണ്.

(സി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരുടെ സുരക്ഷയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെ പരിപാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി യുണ്ടാവുമോ?

(സി)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമാനുസൃതമായ സുരക്ഷ ഒരുക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടെത്തുന്നപക്ഷം തൊഴിലുടമയ്ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്രകാരം ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് അനുസരിച്ച് 57 സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുള്ളതും 26 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ